പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5318 | | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യ സംസ്കരണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ സർക്കാർ നൽകിവരുന്നത്; | (എ) | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ മുഖേന 1) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ 2) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ 3)അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സർക്കാർ സഹായം നൽകിവരുന്നു.<br>സംസ്ഥാന പ്ലാനിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും മാലിന്യസംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തുന്ന ഫണ്ടിൽ നിന്നും പ്ലാസ്റ്റിക് സംസ്കരണത്തിന് സഹായകരമായ മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്ററുകൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, റീസൈക്ലിംഗ് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുവാദം നൽകിയിട്ടുണ്ട്.<br>മുൻപറഞ്ഞ പ്രകാരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണയും പ്രൊജക്ടുകൾക്കുള്ള സാങ്കേതികാനുമതിയും ശുചിത്വമിഷൻ മുഖേന നൽകിവരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് പ്ലാസ്റ്റിക് സംസ്കരണം നടത്താൻ ഉദ്ദേശിക്കുന്നത്; | (ബി) | 15.02.2016 ലെ 82200/ഡി.സി.1/2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും മെറ്റീരിയൽ റിക്കവറി ഫസിലിറ്റി (MRF) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം<br>• മെറ്റീരീയൽ റിക്കവറി ഫസിലിറ്റി സെന്റർ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നിർബന്ധമായും നഗരസഭകൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.<br>• വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവ മാലിന്യ പുനചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കൂടാതെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, |

| | | | |
|---|---|---|---|
| | | | വാഷിംഗ് സൗകര്യം, മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള സൗകര്യം എന്നിവ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.<br>• ബ്ലോക്കു പഞ്ചായത്തുകൾക്ക് ബെയിലിംഗ്, ഷ്രെഡ്ഡിംഗ്, ഡീ-ഡസ്റ്റിംഗ്, വാഷിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.<br>• റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ജില്ലാ പഞ്ചായത്തുകൾക്ക് വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കാവുന്നതാണ്.<br>ഇതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്തുകളും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളും പ്രോജക്ടുകൾ ഏറ്റെടുത്തുവരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക് സംസ്കരണത്തിന് ഈ സർക്കാർ ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ് സംസ്കരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ആവശ്യമെങ്കിൽ വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബ്രാൻഡ് ഉടമകൾ/നിർമാതാക്കൾ/ഉത്പാദകർ എന്നിവരുടെ ഉത്തരവാദിത്വത്തിൽ സംസ്ഥാനത്ത് 3 റീജയണുകളിലായി പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ